കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മട്ടന്നൂർ നഗരസഭ ഐ.എച്ച്.എസ്.ഡി.പി രണ്ടാംഘട്ട പദ്ധതി - എൽ.ഡി.ക്ളർക്കിന്റെ നിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1444/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 03/06/2013

പരാമർശം :
1. 8/12/2010 ലെ സ.ഉ നം. 3861/2010/തസ്വഭവ
2. 10/7/2012 ലെ 56056/ഇ.യു3/11/തസ്വഭവ നമ്പർ സർക്കുലർ
3. നഗരകാര്യ ഡയറക്ടറുടെ 3/10/2012 ലെ ഇ 7-10357/12 നമ്പർ കത്ത്

ഉത്തരവ്

മട്ടന്നൂർ നഗരസഭയിൽ ഐ.എച്ച്.എസ്.ഡി.പി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കോ മേൽ പദ്ധതിയുടെ പൂർത്തീകരണം ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ അനുവദിക്കപ്പെട്ടിരുന്ന എൽ.ഡി.ക്ളർക്ക് തസ്തികയുടെ നിയമനകാലാവധി പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മട്ടന്നൂർ നഗരസഭയിലെ ഐ.എച്ച്.എസ്.ഡി.പി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതു വരെയോ ഒരു വർഷത്തേക്കോ ഏതാണ് ആദ്യം അതുവരെ നിലവിലുള്ള എൽ.ഡി.ക്ളർക്ക് തസ്തികയുടെ നിയമന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തസ്തികയിൽ പരാമർശം (2)ലെ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചുമാത്രമെ നിയമനം നടത്താവൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മട്ടന്നൂർ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ